(ബി) താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണത്തിന് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ചൊവ്വര മണൽത്തീരം റോഡ്	-	Rs. 6,50,000
2. പുളിങ്കുടി-അഴിമാലത്തുറ റോഡ്	-	Rs. 8,23,000
3. നെല്ലിങ്കുന്ന്-ബീച്ച് റോഡ്	-	Rs. 10,00,000
ആകെ	-	Rs. 24,73,000

(സി) ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം മേഖലയിലെ കുടിവെള്ളക്ഷാമം

71 [382] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ തെക്കോട്ടുള്ള ടൂറിസം മേഖലയിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം കണക്കിലെടുത്ത് ടൂറിസം വകുപ്പ് മുൻകൈയെടുത്ത് ഒരു ശുദ്ധജല വിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) തിരുവനന്തപുരം കൃാപിറ്റൽ സിറ്റി റീജിയൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ഇതിനുള്ള പ്രോജക്ട് തയ്യാറാക്കി വരുന്നു. ഇതിന് അന്തിമ രൂപമായിട്ടില്ല.

കോവളം വിനോദസഞ്ചാര വികസനം

72 [383] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കോവളം പ്രത്യേക മേഖലയായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

GPM. 2/360/2012.—15

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ പ്രത്യേക മേഖലയായി പ്രഖ്യാപിക്കുന്നത് വഴി കോവളത്ത് വിനോദസഞ്ചാര വികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദവിവരം വ്യക്തമാക്കാമോ;

(സി) കോവളം മുതൽ പൂവ്വാർ വരെയുള്ള പ്രദേശങ്ങളെ വിനോദസഞ്ചാര കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുന്നതുവഴി കോവളം ടൂറിസം മേഖലയിലെ കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും നടപ്പാക്കുക. കോവളം ബീച്ചിന്റെയും പരിസര പ്രദേശങ്ങളുടേയും സംരക്ഷണത്തിനും പരിപാലനത്തിനും ഊന്നൽ നൽകുന്ന രീതിയിലായിരിക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകുക. പ്രത്യേക ടൂറിസം മേഖലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഈയിടെ സംസ്ഥാന സർക്കാർ അംഗീകരിച്ച ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ ആക്ടിൽ വ്യവസ്ഥയുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ ടൂറിസം വികസനം

73 [384] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾക്ക് കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനിഡാം ടൂറിസം വികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) വടക്കേച്ചിറ പുനരുദ്ധാരണം (41,81,400 രൂപ മതിപ്പ് ചെലവ്), കുത്തമ്പലം നിർമ്മാണം (84 ലക്ഷം രൂപ മതിപ്പ് ചെലവ്), മാർത്തോമാ പള്ളിയുടെ സംരക്ഷണം (69,98,000 രൂപ മതിപ്പ് ചെലവ്), ബ്ലങ്ങാട്-ചാവക്കാട് റോഡ്

LIBRARY ARCHIVES Kerala Legislative Assembly